# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**20.12.2012-ൽ ഇടക്കാല മറുപടി നൽകിയ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3174 നുള്ള അന്തിമ മറുപടി.**

### മദനശ്ശേരിക്കടവ് പാലം നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിലെ. തിരുവൻവണ്ടൂർ പഞ്ചായയത്തിനെയും പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന ഇരമല്ലിക്കര മദനശ്ശേരിക്കടവ്പാലം നിർമ്മാണ പ്രവർത്തനത്തിന്റെ കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ; | (എ) ഇരമല്ലിക്കര- മദനശ്ശേരിക്കടവ് - പാലം നിർമ്മാണത്തിന് 2012-ഏപ്രിൽ മാസം 28-ാം തീയതി ടെൻഡർ സ്വീകരിച്ചുവെങ്കിലും WP(c) No. 10940/12 പ്രകാരം ബഹു: കേരള ഹൈക്കോടതിയിൽ K.T. Mathew and Company എന്ന കോൺട്രാക്ടർ നൽകിയ പരാതിയെ തുടർന്ന് ടെൻഡർ ഓപ്പൺ ചെയ്യാൻ കഴിഞ്ഞില്ല. പ്രസ്തുത പരാതിയ്ക്ക് തീർപ്പ് കൽപ്പിച്ചതിനെ തുടർന്ന് 2012 ഡിസംബർ 14-ാം തീയതി ടെൻഡർ ഓപ്പൺ ചെയ്യുകയുണ്ടായി. ടി ടെൻഡറിന് അനുമതി നൽകി കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) പ്രസ്തുത പാലത്തിന്റെ സ്കെച്ചിന്റെയും പ്ലാനിന്റെയും ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെയും പകർപ്പ് ലഭ്യമാക്കുമോ : | (ബി) പ്രസ്തുത പാലത്തിന്റെ സ്കെച്ചിന്റെയും പ്ളാനിന്റെയും എസ്റ്റിമേറ്റിന്റെയും പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) ടെണ്ടർ അനുമതി നൽകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. |
| (ഡി) നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തടസ്സം നീക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) ഇപ്പോൾ തടസ്സങ്ങളൊന്നും നിലനിൽക്കുന്നില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ